**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4299 17.12.2014-ൽ മറുപടിയ്ക്ക്

**പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തം കെട്ടിടം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ടി.വി.രാജേഷ്** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
| --- | --- | --- | --- |
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭരണാനുമതി ലഭിച്ച് നാലു വർഷമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സമെന്താണ്; എത്രയും പെട്ടെന്ന് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പിലാത്തറ ഗവ. പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണത്തിനായി 455 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ആരോഗ്യ വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് കണ്ണൂർ തലശ്ശേരി പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതിനായി ധനകാര്യ വകുപ്പിന്റെ (വേയ്സ്&മീൻസ്) ക്ലിയറൻസ് ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ നിർദ്ദേശമനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 15/11/2014 ലെ പി.എൽ.ബി 4-27471/14/ആ.വ.ഡ നമ്പർ പ്രകാരം കത്ത് നൽകിയിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടനെ ടി തുക കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി ക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ